എന്ന നിലയിൽ 2 ഭവനത്തിന്റേക്ക് 10,000 ലിറ്റർ ശേഷിയുള്ള സംഭരണിയാണ് നിലവിൽ വാട്ടർ അതോറിറ്റി നിർമ്മിച്ചുവരുന്നത്. ജലനിധി നടപ്പാക്കുന്ന മഴവെള്ള സംഭരണ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്ന സംസ്കാരം കേരളത്തിലുടനീളം പ്രചരിപ്പിക്കുക.
- കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കുന്ന പ്രദേശങ്ങളിൽ മഴവെള്ളം ശേഖരിച്ച് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക.
- വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗമായി മഴവെള്ള സംഭരണം, ഭൂജല പരിപോഷണം പ്രോത്സാഹിപ്പിക്കുക.
- മഴവെള്ള സംഭരണ മാതൃകകൾ സജ്ജമാക്കി ജനങ്ങളെ ഇത്തരം പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുക.
- മഴവെള്ളം സംഭരിച്ച് ജലാശയങ്ങളെ പരിപോഷിപ്പിക്കുക.
- മഴവെള്ളം ജലഗുണനിലവാര പ്രശ്നത്തിന് പരിഹാരമായി ഉപയോഗപ്പെടുത്തുക മുതലായവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) 2002 മുതൽ കേരള വാട്ടർ അതോറിറ്റി വർഷ പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിച്ചെലവിന്റെ 90% കേന്ദ്രസഹായവും 10% ഉപഭോക്തൃ വിഹിതവുമാണ്. എൻ.ജി.ഒ. മുഖേനയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. കെ.ആർ.ഡബ്ല്യു.-എസ്.എ.-യുടെ ഭാഗമായുള്ള ജലനിധി പദ്ധതി, മഴകേന്ദ്രം, സി.സി.ഡി.യു. ഗ്രാമപഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങളുടെ വിവിധങ്ങളായ ഭരണ-നിർവ്വഹണ സംവിധാനങ്ങൾ ഏകോപിപ്പിച്ച് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ ജലനിധി സ്വീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ വ്യക്തിഗത കുടുംബങ്ങളിലെ കുടിവെള്ള സംഭരണം ഉറപ്പുവരുത്തുന്നതിന് 4000-ത്തിൽപ്പരം കുടുംബങ്ങൾക്ക് മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകി. എല്ലാ വർഷവും സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി പദ്ധതി തുടർന്ന് നടത്തിക്കൊണ്ടുപോകുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

154(854) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവ വകുപ്പ് മുഖേന തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും ഇതേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പ് മുഖേന തിരുർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.

നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തുന്നതിന് നടപടി

155(855) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ഏതു പദ്ധതികളെയാണ് നബാർഡ് ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് അറിയിക്കുമോ;

(ബി) പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി ഏതൊക്കെ പ്രോജക്ടുകളുടെ എസ്റ്റിമേറ്റുകളാണ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആർ.ഐ.ഡി.എഫ്.14-ൽ ഉൾപ്പെടുത്തി ഏറനാട് മണ്ഡലത്തിലെ ചീക്കോടും സമീപ പ്രദേശങ്ങളിലേക്കുമുള്ള കുടിവെള്ള പദ്ധതിക്ക് 2008-ൽ 8072.27 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ ഏറനാട് മണ്ഡലത്തിൽപ്പെട്ട കുഴിമന്ന പഞ്ചായത്തിലേക്കും കുടിവെള്ളം ലഭ്യമാകുന്നതാണ്. ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്.

(ബി) നബാർഡ് ആർ.ഐ.ഡി.എഫ്. XXI-ൽ ഉൾപ്പെടുത്തുന്നതിനായി എടവണ്ണ പഞ്ചായത്തിലെ മഞ്ചേരി തോടിന് കാലിയിറക്കം കണ്ടിൽ ചെക്ക് ഡാം നിർമ്മാണം (45 ലക്ഷം), കീഴുപറമ്പ് പഞ്ചായത്തിലെ ആറാംതോടിന് തേക്കുംതോട്ടം ഭാഗത്ത് വി.സി.ബി. കം ബ്രിഡ്ജ് (37 ലക്ഷം) എന്നി പ്രവൃത്തികളുടെ ശിപാർശ ചീഫ് എഞ്ചിനീയർ (ഐ&എ) നൽകിയിരുന്നുവെങ്കിലും സെക്കൂറൽ അലോക്കേഷൻ തുകയുടെ കുറവുകാരണം നബാർഡ് ആർ.ഐ.ഡി.എഫ്. XXI-ൽ ഉൾപ്പെടുത്തുന്നതിനായി നബാർഡിൽ അയച്ചുകൊടുത്തിട്ടുള്ള പ്രവൃത്തികളുടെ ലിസ്റ്റിൽ പ്രസ്തുത പ്രവൃത്തികൾ ഉൾപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly